# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 566 05.07.2013-ൽ മറുപടി നൽകേണ്ടത്

## ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ വർക്കല കഹാർ<br>ശ്രീ വി.ഡി.സതീശൻ<br>ശ്രീ പി.എ. മാധവൻ | ശ്രീ അടൂർപ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) റവന്യൂ ഫീസിനങ്ങളും നികുതികളും അടയ്ക്കുന്നതിന് ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേ നടപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേ നടപ്പാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) + (സി)<br>പദ്ധതി നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങളിൽനിന്നും വകുപ്പിലേയ്ക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി, കെട്ടിട നികുതി, തോട്ട നികുതി തുടങ്ങിയ തുകകൾ ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നു തന്നെ ഒടുക്കാവുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) വിവിധ ബാങ്കുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ കോന്നി, കൂടൽ, ആറന്മുള എന്നീ വില്ലേജുകളിലും കോട്ടയം ജില്ലയിലെ പുതുപ്പള്ളി. മണർകാട്, വിജയപുരം എന്നീ വില്ലേജുകളിലും ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ